ഡ്രൈവർമാർ, ഓണറേറിയം ജീവനക്കാർ തുടങ്ങി വിവിധ തസ്തികകളിൽ താല്ക്കാലിക ജീവനക്കാരായി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഇവർക്ക് നൽകിവരുന്ന ദിവസ വേതനം എത്ര രൂപയാണ് ;

(ഡി) ഇവരുടെ സേവന വ്യവസ്ഥകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു വരുന്നു.

ദിവസവേതനക്കാരായ ഡ്രൈവർമാർ

157 (6075) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദിവസ വേതനക്കാരായ എത്ര ഡ്രൈവർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ദിവസവേതനക്കാരായ ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി

158 (6076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ പത്തും പതിനഞ്ചും വർഷമായി ദിവസക്കൂലിക്ക് ജോലി ചെയ്യുന്ന എത്ര ഡ്രൈവർമാരാണ് നിലവിലുള്ളത് ;

(ബി) എട്ടു വർഷമായി കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തിയ മാനദണ്ഡത്തിൽ പഞ്ചായത്ത് വാഹനങ്ങളിലെ ദിവസവേതനക്കാരായ പത്തിലധികം വർഷം സേവനമനുഷ്ഠിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) സ്ഥിരപ്പെടുത്തുന്നതുവരെ ഇവർക്ക് നൽകുന്ന ദിവസവേതനം പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഹജ്ജ് യാത്രയ്ക്ക് ക്രമീകരണങ്ങൾ

159 (6077) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ ഹജ്ജ് സംബന്ധമായി കേരളത്തിൽ നടത്തിവരുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഹാജിമാരെ അനുഗമിക്കുന്ന വാളണ്ടിയർമാരെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നറിയിക്കുമോ ;

(സി) വാളണ്ടിയർമാരെ തെരഞ്ഞെടുക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹജ്ജ് 2010 സംബന്ധമായി താഴെ വിവരിച്ചിട്ടുള്ള ക്രമീകരണങ്ങൾ നടത്തുന്നുണ്ട് :

(1) ഹജ്ജ് തീർത്ഥാടകർക്ക് പ്രതിരോധ കുത്തിവെയ്പ്പിനുള്ള സംവിധാനം എല്ലാ താലൂക്ക്-ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്തുന്നുണ്ട്.

(2) ഹജ്ജ് തീർത്ഥാടകർക്ക് ജില്ലാ അടിസ്ഥാനത്തിൽ സാങ്കേതിക ഹജ്ജ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.

(3) ഹജ്ജ് തീർത്ഥാടകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് ഹജ്ജ് ഗൈഡ് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(4) ഹാജിമാരുടെ സേവനത്തിനായി പതിനാല് ഹജ്ജ് വാളണ്ടിയർമാരെ സംസ്ഥാന സർക്കാർ സൗദി അറേബ്യയിലേക്ക് തെരഞ്ഞെടുത്തയക്കുന്നുണ്ട്.

(5) ഹജ്ജ് തീർത്ഥാടകർക്ക് യാത്രാരേഖകളും മറ്റും കൈമാറുന്നതിനും മറ്റു നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനുമായി സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സെൽ രൂപീകരിക്കുന്നതാണ്.

(6) കേരളത്തിന് അനുവദിച്ച ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുവാനും ഹജ്ജ് യാത്രയ്ക്കായി വലിയ വിമാനങ്ങൾ അനുവദിക്കുവാനും കേന്ദ്ര ഹജ്ജ് കമ്മിറ്റിയോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(7) ഹാജിമാർക്ക് താമസിക്കുവാനുള്ള കെട്ടിടങ്ങൾ തെരഞ്ഞെടുക്കുവാനായി കേരള സർക്കാർ ഒരു ഉദ്യോഗസ്ഥനെ ബി.എസ്.ടി. മെമ്പറായി സൗദിയിലേയ്ക്ക് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly